

FRIDAY 08/08/2025 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/08/2025

1. കൃഷി യന്ത്രവൽക്കരണം ജില്ലകൾതോറും മെഷിനറി ക്ലിനിക്കുകൾ സ്ഥാപിക്കുന്നു. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച കൃഷി യന്ത്രവത്കരണ പദ്ധതിയുടെ ഭാഗമായി കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിനും അഗ്രോ മെഷിനറി സർവീസ് ക്യാമ്പുകൾ നടത്തുന്നതിനും സർക്കാർ പദ്ധതി. ഓരോ ജില്ലകളിലും ഫാം മെഷിനറി ക്ലിനിക്കുകൾ സ്ഥാപിക്കാൻ 1.4 കോടി രൂപ ചെലവഴിക്കാൻ സർക്കാർ ഭരണാനുമതി നൽകി. കർഷകർക്കും സർവീസ് സെൻററുകൾക്കും കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി സമയബന്ധിതവും ചെലവു കുറഞ്ഞതുമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ക്ലിനിക്ക് സ്ഥാപിക്കുന്നതിനൊപ്പം നിലവിലുള്ള വർക്ക്ഷോപ്പുകൾ നവീകരിക്കുകയും ചെയ്യും.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശൂർ, വെള്ളാനിക്കര ഫലവർഗ്ഗവിള ഗവേഷണ കേന്ദ്രത്തിൽ ഫലവർഗ്ഗ നടീൽവസ്തുക്കൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. സപ്പോട്ട, പേര, പ്ലാവ് ബഡ്, ചാമ്പ ലയർ, കുരുമുളക്, മാവ്ഗ്രാഫ്റ്റ്, കുടംപുളി, നാരകം, അത്തിപ്പഴം, മിറാക്കിൾഫ്രൂട്ട്, കൊക്കോ, പ്ലം, വെസ്റ്റ് ഇന്ത്യൻ ചെറി, ബറാബ, കറിവേപ്പ്, സീതാപഴം, പപ്പായ തൈകൾ, ഡ്രാഗൺ ഫ്രൂട്ട് കട്ടിംഗ്സ് എന്നീ നടീൽ വസ്തുക്കൾ ലഭ്യമാണ്. ആവശ്യമുള്ളവർ 0487 2373242 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന 7–ാമത് മെഷിനറി എക്സ്പോ 2025ന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. സെപ്റ്റംബർ 20 മുതൽ 23 വരെ കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിലാണ് എക്സ്പോ നടക്കുന്നത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന മെഷീനറികൾ പ്രദർശിപ്പിക്കുകയാണ് എക്സ്പോ ലക്ഷ്യമിടുന്നത്. പുത്തൻ മെഷീനറികളുടെയും നൂതന സാങ്കേതികവിദ്യകളുടെയും സമഗ്രമായ പ്രദർശനമായ മെഷിനറി എക്സ്പോ 2025ന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് മെഷിനറി എക്സ്പോ കേരളയുടെ ഔദ്യോഗിക വെബ്സൈറ്റ് ((https://machineryexpokerala.in/) വഴി സ്റ്റാളുകൾ ബുക്ക് ചെയ്യാം. ഫോൺ: 9188401707. സംരംഭകർ, മെഷിനറി അംഗീകൃത വിതരണക്കാർ, മെഷിനറി നിർമ്മാതാക്കൾ, വ്യാപാര പ്രമോഷൻ സംഘടനകൾ, സ്റ്റാർട്ടപ്പുകൾ, പ്രൊഫഷണൽ അസോസിയേഷനുകൾ, ഗവേഷണം, സങ്കേതിക പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് മെഷിനറി എക്സ്പോയില് പങ്കെടുക്കാം.

**<u>പരിശീലന പരിപാടി</u>**

1. **"പച്ചക്കറികളിലെ കീട – രോഗ നിയന്ത്രണം"** എന്ന വിഷയത്തിൽ 14/08/2025 (വ്യാഴം) ന്, സെൻറർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ്

ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (കെയ്റ്റ്), വെള്ളായണി കാർഷിക കോളേജിൽ വെച്ച് ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"വീട്ടുവളപ്പിലെ പച്ചക്കറി കൃഷി"** എന്ന വിഷയത്തില് 2025 ആഗസ്റ്റ് 13ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവര് 9400483754 എന്ന ഫോണ് നമ്പറിൽ (രാവിലെ10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗത്തിനു കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ **“കേക്ക് നിർമ്മാണം”** എന്ന വിഷയത്തിൽ മണ്ണുത്തിയിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ വെച്ച് 12.08.2025 തീയതിയിൽ ഒരു പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ **കേക്ക് എങ്ങനെ ഉണ്ടാക്കാം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം** എന്നീ കാര്യങ്ങളിൽ സാങ്കേതിക പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് **₹750/- രൂപ.** താഴെ പറയുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോൺ നമ്പറിൽ 11 ആഗസ്റ്റ് 2025-ന മുമ്പായി ബന്ധപ്പെടുക- **ഫോൺ നമ്പർ : 0487-2370773, 8547070773. വിളിക്കേണ്ട സമയം : രാവിലെ 10 മണി മുതൽ 4 മണി വരെ**

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"ആട്ടുവളർത്തല്- ശാസ്ത്രീയ പരിപാലന മുറകൾ"** എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 12ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവര് **9400483754** എന്ന ഫോണ് നമ്പറിൽ (രാവിലെ10 മണി മുതല് വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. റബ്ബർമരങ്ങളെ ബാധിക്കുന്ന വിവിധ രോഗങ്ങളെക്കുറിച്ചും അവയുടെ നിയന്ത്രണമാർഗങ്ങളെക്കുറിച്ചുമറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് ഇന്ന് (ആഗസ്റ്റ് 08 വെള്ളിയാഴ്ച) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 04812576622.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദേശം

1. കുരുമുളകിന് ഈ മാസം രണ്ടാം ഗഡു വളം ചേർക്കാം. പൊതു ശുപാർശയനുസരിച്ച് ഒരു കൊടിക്ക് യൂറിയ, മസ്സൂറിഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ യഥാക്രമം 55, 125, 125 ഗ്രാം വീതം ചേർക്കാം. മൂന്നാം വർഷം മുതലാണ് ഈ അളവ്. ഒരു വർഷം പ്രായമായ കൊടിക്ക് ഇതിന്റെ മൂന്നിലൊന്നും രണ്ടു വർഷം പ്രായമായതിന് മൂന്നിൽ രണ്ടും വളം ചേർക്കാം. നല്ല വളക്കൂറുള്ള മണ്ണിലും ധാരാളം ജൈവ വളം ചേർക്കുന്ന കുരുമുളകുകൊടിക്കും രാസവളം കുറച്ചു നൽകിയാൽ മതി. കൊടിയുടെ ചുറ്റും രണ്ടടിവ്യാസത്തിൽ എടുത്ത തടത്തിൽ വളം വിതറി മുപ്പല്ലി കൊണ്ട് കൊത്തിച്ചേർക്കാം. തടമെടുക്കുമ്പോൾ വേരുകൾക്ക് മുറിവേറ്റാൽ ദ്രുതവാട്ടത്തിനുള്ള സാദ്ധ്യത കൂടും. വളം ഒലിച്ച് നഷ്ടപ്പെടാതിരിക്കാനും, മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും, താപനില ക്രമീകരിക്കുന്നതിനും, കളനിയന്ത്രണത്തിനും പുതയിടീൽ സഹായിക്കും. മഴ ശമിക്കുന്നതോടെ സ്യൂഡോമോണാസ് ഫ്ളൂറസൻസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയും ട്രൈക്കോഡെർമ്മ കൾച്ചർ ചുവട്ടിൽ ചേർക്കുകയും ചെയ്യുകയാണെങ്കിൽ ദ്രുതവാട്ടം /പൊള്ളുരോഗം എന്നിവ നിയന്ത്രിക്കാൻ സാധിക്കും.